*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

127th Issue - Volume 4, No. 8

# ജാഗ്രത

9th March 2010

സി.ബി.സി.ഐ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കർദിനാൾ ഒസ്വാൾഡ് ഗ്രേഷ്യസിനും വൈസ് പ്രസിഡന്റുമാരായ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയ്ക്കും മാർ ജോർജ് പുന്നക്കോട്ടിലിനും കെ.സി.ബി.സി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ അഭിനന്ദനങ്ങളും പ്രർത്ഥനാശംസകളും സ്നേഹപൂർവ്വം നേരുന്നു.



BLESSED CHAVARA KURIAKOSE ELIAS

**'എയ്ഡഡ് വിദ്യാലയങ്ങളുടെ വെല്ലുവിളികളും നിയോഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി തയ്യാറാക്കിയ ലേഖനം**

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

# എയ്ഡഡ് വിദ്യാലയങ്ങളുടെ വെല്ലുവിളികളും നിയോഗങ്ങളും

സാക്ഷരതയിൽ മാത്രമല്ല വിദ്യാഭ്യാസ നിലവാരത്തിലും ഇന്ത്യയിൽ ഏറ്റവും ഉയർന്ന നില പുലർത്തുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഏതെങ്കിലും ഒരു ജോലിക്കു പരിഗണിക്കുമ്പോൾ കേരളത്തിൽ നിന്നാണെങ്കിൽ കൂടുതൽ വിദ്യാഭ്യാസനിലവാരം ഉള്ളവർ എന്ന പരിഗണന ഇന്ത്യയിലും വിദേശത്തും ലഭിച്ചിരുന്നു. അതേസമയം ദേശീയതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വിവിധ മേഖലകളിലെ ആദ്യത്തെ പതിനഞ്ചു കലാലയങ്ങളെ അടയാളപ്പെടുത്തുമ്പോൾ അതിൽ കേരളത്തിൽ നിന്നുള്ള ഒരു സ്ഥാപനവും എത്തിപ്പെടുന്നില്ല എന്നതും യാഥാർഥ്യം. സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു വിദ്യാർഥിക്ക് സർക്കാർ ചെലവഴിക്കുന്ന തുക കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറവായിരിക്കുമ്പോഴാണ് നമ്മൾ വിദ്യാഭ്യാസരംഗത്ത് ഈ മികവു പ്രകടിപ്പിക്കുന്നത്. എയ്ഡഡ് സ്കൂളുകൾ ഈ രംഗത്തു ചെയ്യുന്ന മഹത്തായ സേവനമാണ് ഈ ഒരു പ്രതിഭാസത്തിനു കാരണം. സർക്കാരും സമുദായങ്ങളും തമ്മിലുള്ള ഫലപ്രദമായ സഹകരണത്തിന്റെ ഈ മേഖല നൂറ്റാണ്ടുകൾകൊണ്ട് രൂപപ്പെട്ടതാണ്. വിദ്യാഭ്യാസ രംഗത്തെ കേരള മോഡൽ എന്നുവേണമെങ്കിൽ ഈ പ്രതിഭാസത്തെ വിശേഷിപ്പിക്കാം.

## സാമുദായിക മുന്നേറ്റങ്ങളും വളർച്ചയും

കേരളത്തിന്റെ വികസനത്തിന് അടിസ്ഥാനമായത് സാമുദായിക മുന്നേറ്റങ്ങളായിരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. 19-ാം നൂറ്റാണ്ടുമുതൽ ക്രൈസ്തവ മിഷനറിമാരും സഭകളും നടത്തിയ പ്രവർത്തനങ്ങളും പിന്നീടങ്ങോട്ട് എസ്എൻഡിപിയും എൻഎസ്എസും യോഗക്ഷേമസഭയും എംഇഎസും കെപിഎംഎസ് പോലുള്ള ദളിത് മുന്നേറ്റങ്ങളും രൂപപ്പെടുത്തിയ നവോഥാന നിലപാടുകളാണ് കേരളത്തിലെ സാമൂഹ്യ വിദ്യാഭ്യാസ സാമ്പത്തിക വളർച്ചയ്ക്ക് ആധാരമായത്. ഈ സാമുദായിക മുന്നേറ്റങ്ങളൊന്നും വർഗീയതയായി രൂപപ്പെട്ടിട്ടില്ല എന്ന കാര്യവും ശ്രദ്ധേയമാണ്. സാമുദായിക ശത്രുതയിലേക്കു കടന്നുപോകാതെ സ്വന്തം സമുദായത്തിന്റെയും അതുവഴി പൊതുസമൂഹത്തിന്റെയും വളർച്ചക്ക് അടിസ്ഥാനമിടാൻ ഈ മുന്നേറ്റങ്ങൾക്കു കഴിഞ്ഞു. ഇതിനു കാരണം അതിന്റെ മതവിശ്വാസാത്മകത കൊണ്ടാണെന്നു പറയാം. മതാത്മകത നഷ്ടപ്പെടുന്നതിനനുസരിച്ച് വർഗീയത വളരുകയാണല്ലോ ചെയ്യുന്നത്.

എന്നാലിന്ന് കേരളത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കാരണം 1957ലെ കമ്യൂണിസ്റ്റ് സർക്കാരാണെന്നും കേരളത്തിന്റെ നന്മകളെല്ലാം തങ്ങളുടെ സംഭാവനയാണെന്നും സ്ഥാപിച്ചെടുക്കാനുള്ള ശ്രമം സജീവമാണ്. ഈ നീക്കം യഥാർഥത്തിൽ കേരളചരിത്രത്തിൽ നടത്തുന്ന അധിനിവേശമാണ്. മുപ്പതുവർഷത്തിലേറെ കമ്യൂണിസം നിരന്തരമായി ഭരിച്ചുകൊണ്ടിരിക്കുന്ന പശ്ചിമബംഗാൾ എന്തുകൊണ്ട് വിദ്യാഭ്യാസരംഗത്തും ആതുരശുശ്രൂഷാ രംഗത്തും എല്ലാം ഏറ്റവും പിന്നിലായി എന്ന ചോദ്യം യാഥാർഥ്യങ്ങൾ പുറത്തുകൊണ്ടുവരുന്നുണ്ട്. കേരളത്തിൽ വർഗീയത കാര്യമായ വേരുപിടിക്കാതിരിക്കാൻ കാരണവും ഈ സാമുദായിക മുന്നേറ്റമാണ്. ഇവിടെ ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിച്ചത് പ്രധാനമായും ഭൂരിപക്ഷസമൂഹമായിരുന്നു. അല്ലാതെ ഏതെങ്കിലും സിദ്ധാന്തക്കാർ ആയിരുന്നില്ല. രാഷ്ട്രീയ നേട്ടങ്ങൾക്കായി വർഗീയ വാദികളുമായി കൂട്ടുചേരുന്നതാണല്ലോ അവരുടെ സമകാലിക രാഷ്ട്രീയ ചരിത്രം.

## വിദ്യാലയങ്ങൾക്ക് സർക്കാരിന്റെ സഹായം

രണ്ടു നൂറ്റാണ്ടിലേറെയായി കേരളത്തിൽ ഔദ്യോഗിക വിദ്യാഭ്യാസത്തിന് രൂപവും ഭാവവും ലഭിച്ചിട്ട്. ഇതിന് ആരംഭം കുറിച്ചത് ക്രൈസ്തവ മിഷനറിമാരാണ്. 1869 ലാണ് തിരുവിതാംകൂർ രാജാവായിരുന്ന ആയില്യം തിരുനാൾ വിദ്യാലയങ്ങൾക്ക് ആദ്യമായി ഗ്രാന്റ് അനുവദിച്ചത്. അന്ന് അദ്ധ്യാപകരുടെ ഏതാണ്ട് പകുതി ശമ്പളം ഈ ഗ്രാന്റിൽനിന്നു കൊടുക്കാൻ കഴിയുമായിരുന്നു. ഇങ്ങനെ ഗ്രാന്റ് അനുവദിച്ച വിദ്യാലയങ്ങളിൽ 75%വും ക്രൈസ്തവ വിദ്യാലയങ്ങളായിരുന്നു.വിദ്യാലയങ്ങൾക്ക് സഹായധനം അനുവദിക്കുന്നതിന് പ്രധാനമായും മൂന്നു

കാര്യങ്ങളാണ് ഏതാണ്ട് ഒന്നര നൂറ്റാണ്ടു മുമ്പ് മഹാരാജാവ് ആവശ്യപ്പെട്ടത്. ഇരുപത്തിയഞ്ചു വിദ്യാർഥികളെങ്കിലും ക്ലാസ്സിൽ ഉണ്ടായിരിക്കുക, അധ്യാപകർക്ക് സർക്കാർ നിർണയിക്കുന്ന അടിസ്ഥാന യോഗ്യത ഉണ്ടായിരിക്കുക, പാഠപുസ്തകങ്ങൾ സർക്കാർ നിർണയിക്കുന്നതായിരിക്കുക എന്നിവയായിരുന്നു അത്. ഇതു പരിശോധിക്കാൻ ഇൻസ്പെക്ടർമാരേയും നിയോഗിച്ചിരുന്നു. കുട്ടികൾക്കു വിദ്യാഭ്യാസം നല്കേണ്ട തങ്ങളുടെ കടമ ഉൾക്കൊണ്ട് വിദ്യാലയങ്ങൾക്ക് സാമ്പത്തിക സഹായം നല്കാനും അങ്ങനെ പൊതുവിദ്യാഭ്യാസം കൂടുതൽ പേർക്ക് ലഭ്യമാക്കാനും സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമുള്ള സർക്കാരുകളും ശ്രമിച്ചിരുന്നു. അതുപോലെ സർ സി.പിയെ പോലുള്ളവർ സർവാധിപത്യഭാവത്തോടെ വിദ്യാഭ്യാസരംഗം തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കാനും ശ്രമിച്ചിരുന്നു. 1959-60തോടുകൂടി സ്വകാര്യ വിദ്യാലയങ്ങളിൽ അധ്യാപകരുടെ ശമ്പളം സർക്കാർ നല്കാനും അങ്ങനെ സ്കൂൾ വിദ്യാഭ്യാസം സാർവത്രികവും സൗജന്യമാക്കാനും കേരളത്തിനു കഴിഞ്ഞു.

## എയ്ഡഡ് സ്കൂളുകളുടെ സംഭാവനകൾ

യഥാർഥത്തിൽ വിദ്യാർഥികൾക്കു സൗജന്യ വിദ്യാഭ്യാസം നല്കുന്നതിന് സ്വകാര്യമേഖലയുടെ പ്രത്യേകിച്ചും സമുദായങ്ങളുടെ സഹകരണം സർക്കാർ തേടിയെന്നതാണു യാഥാർഥ്യം. സമുദായങ്ങൾ ആരംഭിച്ച വിദ്യാലയങ്ങളെ പ്രോത്സാഹിപ്പിച്ചും അധ്യാപകരുടെ ശമ്പളം നല്കിയും വിദ്യാർഥികൾക്കു സൗജന്യമായി ഗവൺമെന്റ് വിദ്യാലയങ്ങളേക്കാൾ ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കാൻ സർക്കാരിനു കഴിഞ്ഞു.

അധ്യാപകർക്കുള്ള ശമ്പളം മാത്രം പൊതുഖജനാവിൽനിന്നു നല്കിക്കൊണ്ട് പൊതുവിദ്യാഭ്യാസം സൗജന്യമാക്കിയപ്പോൾ സർക്കാരിനുണ്ടായ നേട്ടങ്ങൾ ശ്രദ്ധേയമാണ്.

1. സർക്കാർ സ്വന്തമായി സ്ഥലം കണ്ടെത്തി, വിദ്യാലയങ്ങൾ പണിതുയർത്തി, ഡസ്കും ബഞ്ചും ലാബും മറ്റും സജ്ജീകരിച്ച് വിദ്യാർഥികൾക്കു സൗജന്യവിദ്യാഭ്യാസം നല്കുന്നത് സർക്കാരിന് വലിയ സാമ്പത്തിക ബാധ്യത നല്കുന്നതായിരുന്നു. അത് ഒഴിവാക്കാൻ സർക്കാരിനു കഴിഞ്ഞു.

2. സർക്കാർ വിദ്യാലയങ്ങളേക്കാൾ മികവുറ്റ സ്കൂൾ കെട്ടിടങ്ങളും മറ്റു സജ്ജീകരണങ്ങളുമാണ് എയ്ഡഡ് സ്കൂളുകളിൽ ഒരുക്കിയിരുന്നത്. ഈ സൗകര്യങ്ങൾ സൗജന്യമായി വിദ്യാർഥികൾക്കു ലഭ്യമാക്കുവാൻ കഴിഞ്ഞു.

3. സർക്കാർ സ്കൂളുകളേക്കാൾ മികച്ച വിദ്യാഭ്യാസം എയ്ഡഡ് സ്കൂളുകൾവഴി പാവപ്പെട്ട വിദ്യാർഥികൾക്കു സൗജന്യമായി കൊടുക്കാൻ കഴിഞ്ഞു.

4. മികച്ച അച്ചടക്കവും കലാകായിക രംഗങ്ങളിലുള്ള മികവും പുലർത്തുന്ന എയ്ഡഡ് വിദ്യാലയങ്ങൾ കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക വളർച്ചയെ സമ്പുഷ്ടമാക്കിയതും വലിയ നേട്ടമായി. എപ്പോഴും റിസൽട്ടിലും കലോത്സവങ്ങളിലും കായികമത്സരങ്ങളിലും മുമ്പന്തിയിൽ നില്ക്കുന്നത് എയ്ഡഡ് വിദ്യാലയങ്ങളാണല്ലോ.

5. എയ്ഡഡ് സ്കൂളുകൾ പ്രധാനമായും ഗ്രാമങ്ങൾ കേന്ദ്രീകരിച്ചാണ്. ഗ്രാമങ്ങളുടെ വികസനത്തിന് ഈ സ്കൂളുകളുടെ സംഭാവന ശ്രദ്ധേയമാണ്.

## കേരളത്തിന്റെ പ്രത്യേകതകൾ

വിദ്യാലയങ്ങൾ സർക്കാരിന്റേതും എയ്ഡഡും

| സംസ്ഥാനം | എയ്ഡഡ്(%) | സർക്കാർ(%) |
|---|---|---|
| കേരളം | 55.6 | 36.04 |
| മഹാരാഷ്ട്ര | 18.1 | 72.01 |
| തമിഴ്നാട് | 16.66 | 66.94 |
| ഡൽഹി | 6.37 | 60.68 |
| ആന്ധ്രപ്രദേശ് | 3.91 | 76.92 |

ഏറ്റവും കൂടുതൽ എയ്ഡഡ് സ്കൂളുകളുള്ള സംസ്ഥാനം കേരളമാണ്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസമികവിന് ഒരു പ്രധാന കാരണവും അതുതന്നെ. 1956 ൽ കേരള സംസ്ഥാനം രൂപപ്പെടുമ്പോൾ സംസ്ഥാനത്തുണ്ടായിരുന്ന 9020

വിദ്യാലയങ്ങളിൽ 6925 സ്കുളുകളും ഗ്രാന്റ് വാങ്ങിക്കുന്ന എയ്ഡഡ് സ്കൂളുകളായിരുന്നു. 1999ൽ അത് 12306 സ്കൂളുകളിൽ 7304 സ്കൂളുകളായി മാറി. അന്ന് ഏതാണ്ട് 30% വിദ്യാലയങ്ങളാണ് സർക്കാരിന്റേതായി പ്രവർത്തിച്ചിരുന്നത്. സ്വകാര്യ, അൺ എയ്ഡഡ് വിദ്യാലയങ്ങളുടെ എണ്ണം സംസ്ഥാനത്തു കാലക്രമേണ വർധിച്ചു.

## ദേശസാൽക്കരണശ്രമങ്ങൾ

സ്വകാര്യ എയ്ഡഡ് വിദ്യാലയങ്ങളെ തങ്ങളുടെ ഭരണത്തിലാക്കാൻ സർക്കാർ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. സർ സി.പി രാമസ്വാമിയെപ്പോലുള്ള ഏകാധിപതികളും സിദ്ധാന്തപരമായ സർവാധിപത്യം കൊണ്ടുനടക്കുന്ന വരും ഈ ഒരു ശ്രമം ഒളിഞ്ഞും തെളിഞ്ഞും നടത്തിയിട്ടുണ്ട്. സർവാധിപത്യത്തിന്റെ പ്രത്യയശാസ്ത്രം ഒരുപരിധിവരെ കേരള രാഷ്ട്രീയ ത്തിലെ പ്രമുഖ പാർട്ടികളെയെല്ലാം ആവേശിച്ചിട്ടുള്ളതായാണ് കാണാൻ കഴിയുന്നത്. സർക്കാർ നിർദേശിക്കുന്ന യോഗ്യതയുളള അധ്യാപകരെയാണ് ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കാനായി നിയോഗിച്ചിരിക്കുന്നത്. അതുപോലെ വിദ്യാർഥി പ്രവേശനമാകട്ടെ കേരള സ്കൂൾ വിദ്യാഭ്യാസ ചട്ടമനുസരിച്ചാണു നടത്തുന്നത്. അതനുസരിച്ച് മാനേജ്മെന്റ് ക്വോട്ടയും കമ്യൂണിറ്റി ക്വോട്ടയുമുണ്ട്. മുപ്പതുശതമാനം വിദ്യാർഥികളെ അങ്ങനെ മാനദണ്ഡമ നുസരിച്ച് മാനേജ്മെന്റിനു പ്രവേശിപ്പിക്കാം. അതുപോലെ അധ്യാപകനിയമനത്തിലും യോഗ്യതയുള്ളവരെ മാനേജ്മെന്റിനു നിയമിക്കാം.

## അധ്യാപകരുടെ അർപ്പണബുദ്ധി

ശ്രദ്ധേയമായ ഒരു കാര്യം പിഎസ്‌സി വഴി നിയമിതരാകുന്ന സർക്കാർ സ്കൂളുകളിലെ അധ്യാപകരേക്കാൾ താരതമ്യേന കൂടുതൽ അർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്നത് എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരാണ്. പഠന രംഗത്തും അച്ചടക്കത്തിലും കലാസാഹിത്യ സാംസ്കാരിക കായിക രംഗങ്ങളിലെല്ലാം മികവു പുലർത്തുന്ന ഈ സ്ഥാപനങ്ങളിലെ അധ്യാപകരുടെ ആത്മാർപ്പണമാണ് ഈ മികവിന്റെ അടിസ്ഥാനം അധ്യാപക നിയമത്തിൽ പ്രൈവറ്റ് - എയ്ഡഡ് സ്കൂളുകളിൽ അഴിമതിയുണ്ടെന്ന പ്രചാരണം വ്യാപകമാണ്. എന്നാൽ, ആരെങ്കിലും ക്രമക്കേടു നടത്തിയിട്ടുണ്ടെങ്കിൽ അതിന്മേൽ സർക്കാർകർശന നടപടിയെടുക്കുകയാണു വേണ്ടത്. പ്രശ്നപരിഹാരത്തിനുപകരം ദുഷ്പ്രചരണങ്ങൾ നടത്തുന്നവർ യഥാർഥത്തിൽ ഗൂഢലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്നവരാണ്. ആരോപണം ഉന്നയിച്ചും ആക്ഷേപിച്ചും വിദ്യാലയങ്ങൾ കൈയേറാനുള്ള നീക്കമാണു ഇപ്പോൾ നടക്കുന്നത്.

## പാവപ്പെട്ടവർ എയ്ഡഡ് സ്കൂളുകളെ കൂടുതൽ ആശ്രയിക്കുന്നു

വിദ്യാർഥികളുടെ എണ്ണത്തിൽ ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിൽ വളരെയേറെ കുറവു സംഭവിക്കുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ അതുപോലെയുള്ള കുറവു കാണാൻ കഴിയുന്നില്ല എന്നതു ശ്രദ്ധേയമാണ്. അതുപോലെ ഇപ്പോൾ കേവലം 35% മാത്രം വരുന്ന സർക്കാർ സ്കൂളുകളിലാണ് നല്ല പങ്കുവരുന്ന എയ്ഡഡ് സ്കൂളുകളേക്കാൾ കൂടുതൽ അൺഇക്കണോമിക് സ്കൂളുകൾ എന്ന കാര്യവും ഓർക്കേണ്ടതാണ്. കേരളത്തിലെ പൊതുസമൂഹവും പാവപ്പെട്ട വിദ്യാർഥികളും ഏറ്റവും അഭികാമ്യമായി കരുതുന്നത് എയ്ഡഡ് സ്കൂൾ വിദ്യാഭ്യാസമാണെന്നതു വ്യക്തം.

## സർക്കാരിനുണ്ടാകുന്ന സാമ്പത്തികലാഭം

എയ്ഡഡ് സ്കൂളുകളിൽ സർക്കാർ നല്കുന്ന മെയ്ന്റനൻസ് ഗ്രാന്റ് ക്ലാസ്സുകളിലേക്കാവശ്യമായ ചോക്കുവാങ്ങാൻ പോലും തികയില്ല എന്നതാണു യാഥാർഥ്യം. പ്രൈമറി വിദ്യാർഥിക്കു മൂന്നരരൂപയും ഹൈസ്കൂൾ വിദ്യാർഥിക്ക് അഞ്ചര രൂപയുംവച്ചാണ് ഒരു വർഷം നല്കുന്നത്. ഗവൺമെന്റ് സ്കൂളുകളിൽ ഇതിന്റെ നൂറുമടങ്ങെങ്കിലും അധികചെലവ് ഓരോ വർഷവും സർക്കാരിനുണ്ടാകുന്നുവെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകൾ ഓരോന്നും കെട്ടിടമെന്നനിലയിലും ലാബ്, ലൈബ്രറി, കളിക്കളങ്ങൾ, കംപ്യൂട്ടർ, ഡസ്ക്, ബഞ്ച് ഇനങ്ങളിലുമായി ഏതാണ്ട് 10 കോടി രൂപ പൊതുസമൂഹത്തിനു നല്കിയിരിക്കുകയാണ്. അതുപോലെ ഏതാണ്ട് എട്ട് കോടിയോളം രൂപ സ്ഥലത്തിനും മറ്റു

സൗകര്യങ്ങൾക്കുമായി ഓരോ ഹൈസ്കൂളും പൊതുസമൂഹത്തിനു നല്കിയിരിക്കുന്നു. ഇതിൽനിന്നു സാമ്പത്തിക നേട്ടമൊന്നും ഉണ്ടാകുന്നില്ല എന്നതും ഓർക്കേണ്ടതാണ്. ഈ സ്ഥാപനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഗവൺമെന്റ് ഈ പണം മുഴുവൻ, ഒരുപക്ഷേ സർക്കാർ സംവിധാനമായതുകൊണ്ട് അതിലും വളരെയേറെ പണം മുടക്കി വിദ്യാർഥികളെ പഠിപ്പിക്കേണ്ടിവരുമായിരുന്നു. അതുകൊണ്ടുതന്നെ ഒരു വിദ്യാർഥിക്കുവേണ്ടി സർക്കാർ ചെലവാക്കുന്ന പ്രത്യക്ഷ ചെലവിന്റെ കാര്യത്തിൽ കേരളം മൊത്തം സംസ്ഥാനങ്ങളിൽ താഴെനിന്നു രണ്ടാമതാണ്, ബിഹാറിനു തൊട്ടുമുകളിൽ. ഇക്കാര്യം എല്ലാവരും സൗകര്യപൂർവം വിസ്മരിക്കുന്നു.

## പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന വിദ്യാഭ്യാസനയം

സർക്കാർ പുതിയ സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകൾ ഒന്നും അനുവദിക്കുന്നില്ലെങ്കിലും ഓരോ വർഷവും ഏതാണ്ട് എൺപതിനായിരം വിദ്യാർഥികൾ കേരളാ സിലബസിൽനിന്നു കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. നിലവാരം കുറഞ്ഞ സിലബസും പാഠ്യരീതികളും വിദ്യാർഥികളുടെ നിലവാരം വിലയിരുത്താനുള്ള പരീക്ഷകളെ കേവലം പ്രഹസനങ്ങളാക്കുന്നതും ക്ലാസ് നടക്കേണ്ട അവസരത്തിൽ വർധിച്ചു വരുന്ന അധ്യാപകരുടെ അനാവശ്യ പരിശീലനപരിപാടികളും ക്ലസ്റ്ററുകളും വേണ്ടത്ര സജ്ജീകരണങ്ങൾ വിദ്യാലയങ്ങൾക്ക് ചെയ്തുകൊടുക്കാത്തതുമൊക്കെ ഈ കൊഴിഞ്ഞുപോകലിനു കാരണമായിട്ടുണ്ട്. ഇതെല്ലാം നിർബന്ധമായി പരിഹരിക്കേണ്ടതാണ്. കേവലം വാചകക്കസർത്തുകൊണ്ടോ, കൃത്രിമമായി റിസൽട്ടുവർധിപ്പിച്ചോ, മറ്റു ചെപ്പടിവിദ്യകൾകൊണ്ടോ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല; ജനങ്ങളുടെ വിശ്വാസ്യത ആർജിക്കാൻ കഴിയുന്നുമില്ല.

## പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ നിയമനം

വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന മാനേജ്മെന്റുകളെ പാടേ അവഗണിച്ചുകൊണ്ട് കേവലം അധ്യാപകരുടെ ഒരു തൊഴിൽ മേഖലയായി വിദ്യാഭ്യാസ രംഗത്തെ കാണുന്ന ഒരു രീതിയാണ് വിദ്യാഭ്യാസവകുപ്പിൽ നടക്കുന്നത്. കേവലം രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള അധ്യാപക സംഘടനാഭാരവാഹികളുമായി ചർച്ച ചെയ്ത് ഉണ്ടാകുന്ന പല നിലപാടുകളും രാഷ്ട്രീയപ്രേരിതമാവുകയും പരാജയപ്പെടുകയും ചെയ്യുന്ന കാഴ്ചയാണ് ഇപ്പോൾ. മതന്യൂനപക്ഷങ്ങളുടെ ഭരണഘടനാപരമായ വിദ്യാഭ്യാസ അവകാശത്തെ പാടേ അവഗണിച്ചുകൊണ്ട് പ്രൊട്ടക്റ്റഡ് അധ്യാപകരെ അവരുടെ സ്കൂളുകളിൽ നിയമിക്കാനുള്ള സർക്കാർ ഉത്തരവ് വാസ്തവത്തിൽ ജനാധിപത്യവിരുദ്ധവും ഏകാധിപത്യപരവുമാണ്. ഭരണഘടനാവിരുദ്ധമായ വിദ്യാഭ്യാസ നിലപാടുകൾക്കെതിരായി നിരന്തരമായി കോടതിവിധികൾ ഉണ്ടാകുമ്പോഴും നടക്കുന്ന ഈ നീക്കം വാസ്തവത്തിൽ വിദ്യാഭ്യാസരംഗത്തെ കൈയേറ്റം തന്നെയാണ്.

വിദ്യാഭ്യാസരംഗത്ത് രാജഭരണകാലത്തുണ്ടായിരുന്ന ക്രിയാത്മകദർശനങ്ങൾപോലും ഉൾക്കൊള്ളാൻ ചില സിദ്ധാന്തങ്ങൾ തലയ്ക്കുപിടിച്ചവർക്കു കഴിയാത്തതു ഖേദകരമാണ്. ഈ സാഹചര്യത്തിൽ പൊതുസമൂഹത്തിന്റെ പ്രത്യേകശ്രദ്ധ വിദ്യാഭ്യാസരംഗത്ത് ഉണ്ടാവുകയും വിദ്യാഭ്യാസനയം സമൂഹനന്മയെക്കരുതി രൂപപ്പെടുത്താൻ സർക്കാരിൽ സമ്മർദം ചെലുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. നിതാന്തജാഗ്രത പുലർത്തിയില്ലെങ്കിൽ തകരുന്നതു നാടിന്റെ നട്ടെല്ലായ വിദ്യാഭ്യാസരംഗമായിരിക്കുമെന്നും നമ്മൾക്ക് ഓർക്കാം.


തയ്യാറാക്കിയത്:

ഫാ. ഫിലിപ്പ് നെല്പുരപ്പറമ്പിൽ

സെക്രട്ടറി, കെ.സി.ബി.സി എഡ്യൂക്കേഷൻ കമ്മീഷൻ



JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA